# ചിന്താവിഷ്ടയായ സുമംഗല

അംബികാസുതൻ മാങ്ങാട്



ചിന്താവിഷ്ടയായ സുമംഗല
അംബികാസുതൻ മാങ്ങാട്
(Malayalam: Short story)

© 2020, Ambikasuthan Mangad

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Jean Hebuterne with large hat, a painting by Amedeo Modigliani (1884–1920). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ചിന്താവിഷ്ടയായ സുമംഗല

അമ്മമ്മ മരിച്ചതോടെ സുമംഗലയുടെ മനസ്സിലുള്ള പാട്ടുകൾ പലതും കാണാതായിത്തുടങ്ങി. കല്യാണത്തിനുശേഷം അപരിചിതമായ വീട്ടിലെത്തി പുതിയ ജീവിതം തുടങ്ങിയതോടെ പാട്ടുകളെല്ലാം അവളെ കൈവിട്ടു.

"ബയ്‌ലോട്ട്[1] പോലാ,ണേ[2]
ബൗതീറ്റ്[3] ബീണ്വോകം[4]
എടത്തോട്ട് പോലാ,ണേ
എരടീറ്റ്[5] ബീണ്വോകം
ബലത്തോട്ട് പോലാ,ണേ
ബയി[6] തെറ്റി കൊയഞ്ഞോകം[7]
സീതന്നെ[8] പോയ്ക്കോണേ
സീതേനപ്പോലെ നീർന്നോണേ[9] ."

---

1. പിന്നിലേക്ക്.
2. പോകരുത് പ്രിയപ്പെട്ടവളേ.
3. വഴുതിയിട്ട്.
4. വീണുപോകും.
5. വിരൽതടഞ്ഞ്.
6. വഴി.
7. കുഴഞ്ഞ് പോകും.
8. നേരെ, മുന്നിലേക്ക്.
9. നിവർന്നു നടക്കു പ്രിയപ്പെട്ടവളേ.

ഊഞ്ഞാലിലിരുന്ന് പതുക്കെ ആടിക്കൊണ്ട് സുമംഗല പാടി. അമ്മമ്മയുടെ പാട്ടാണ്. ഓരോ പണികൾ ചെയ്യുമ്പോഴും വെറുതെയിരിക്കുമ്പോഴും അമ്മമ്മ ഈണത്തിൽ പാടിക്കൊണ്ടിരിക്കും. നല്ല രസമാണ് കേൾക്കാൻ. നാടൻപാട്ടുകൾ ഓർമ്മയിൽനിന്നും ചൊല്ലുന്നതാണെന്നാണ് അവൾ കരുതിയത്. പിന്നീടാണ് സംഭവം മനസ്സിലായത്. അതത് സമയത്ത് അമ്മമ്മ പടച്ചുണ്ടാക്കി പാടുന്ന പാട്ടുകളാണ്. ചിലത് ഒറ്റത്തവണയേ കേൾക്കൂ. രസമുള്ള പാട്ടുകളാണെങ്കിൽ ആവർത്തിച്ചു പാടിക്കൊണ്ടിരിക്കും.


കുട്ടിക്കാലത്ത് സുമംഗല അമ്മമ്മയുടെ പിന്നാലെ കൂടും. ഒരു പാട്ട് കിട്ടിയാൽ അതുറക്കെ പാടിക്കൊണ്ട് അവൾ വളപ്പിലൂടെ, മരങ്ങൾക്കിടയിലൂടെ, നാഗക്കാവിനുള്ളിലൂടെ പായും. അഞ്ചാറ് തവണ ചൊല്ലി ഹൃദിസ്ഥമാക്കും. അങ്ങനെ കുറെ പാട്ടുകൾ സുമംഗലയുടെ ഉള്ളിൽ നിറഞ്ഞ് തുളുമ്പിനിന്നിരുന്നു. സ്കൂളിലേക്ക് നടന്നുപോകുമ്പോഴും വരുമ്പോഴുമെല്ലാം വെള്ളത്തിൽ മുങ്ങിയ വയലുകളിലെ മീനുകൾ ചാടുന്നതുപോലെ ചുണ്ടിൽ പാട്ടുകൾ തുള്ളിക്കളിച്ചു.

അമ്മമ്മ മരിച്ചതോടെ സുമംഗലയുടെ മനസ്സിലുള്ള പാട്ടുകൾ പലതും കാണാതായിത്തുടങ്ങി. കല്യാണത്തിനുശേഷം അപരിചിതമായ വീട്ടിലെത്തി പുതിയ ജീവിതം തുടങ്ങിയതോടെ പാട്ടുകളെല്ലാം അവളെ കൈവിട്ടു. ജഗദീശന് പാട്ട് കേൾക്കാനൊന്നും താൽപര്യമുണ്ടായിരുന്നില്ല. മകൻ വളർന്ന് വലുതായി സ്കൂളിൽ പോകാൻ തുടങ്ങിയതോടെയാണ് ഇടയ്ക്കിടെ ഏകാന്തത വന്ന് അവളെ എത്തിനോക്കാൻ തുടങ്ങിയത്. രാവിലെ ഭർത്താവും മകനും പോയ്ക്കഴിഞ്ഞാൽ വേഗം വീടെല്ലാം അടിച്ച് തുടച്ച്, തുണിയെല്ലാം അലക്കുകല്ലിലടിച്ച് നനച്ച്, ഉച്ചഭക്ഷണം കഴിച്ച്, പാത്രങ്ങളെല്ലാം കഴുകി വൃത്തിയാക്കിയ ശേഷം വീടിനു പിന്നിലെ വരിക്കപ്ലാവിൽ കെട്ടിയ ഊഞ്ഞാലിൽ കുറേനേരം അവളിരിക്കും. അങ്ങനെയൊരു ദിവസം വെറുതെ ചാഞ്ചാടിയിരിക്കുമ്പോഴാണ്, പച്ചയുടുപ്പിട്ട ഇടവഴിയിൽനിന്ന് ചുവന്നൊരു കാട്ടുപൂവ് പെട്ടെന്ന് തല നീട്ടുന്നതുപോലെ ആ പാട്ട് സുമംഗലയുടെ മനസ്സിൽ മുളച്ചുപൊന്തിയത്.

"ബയ്‌ലോട്ട് പോലാ,ണേ..."

ഏറെ ശ്രമിച്ചിട്ടും അമ്മമ്മയുടെ മറ്റൊരു പാട്ടും അവൾക്ക് ഓർത്തെടുക്കാനായില്ല. കിട്ടിയത് മറന്നുപോകാതിരിക്കാൻ അവളെന്നും ഊഞ്ഞാലിലിരുന്ന് മറ്റാരും കേൾക്കാതെ അത് പാടിക്കൊണ്ടിരുന്നു.

"ബയ്‌ലോട്ട് പോലാ,ണേ..."



മൂന്നാമതും പാടാൻ തുടങ്ങിയ സുമംഗല പെട്ടെന്ന് നിർത്തി ചുറ്റും നോക്കി. ഭാഗ്യം! ആരും കേട്ടില്ല. ഭർത്താവും മകനും വീട്ടിലുള്ള കാര്യം അവൾ മറന്നുപോയിരുന്നു. അവരെങ്ങാനും തന്റെ നാടൻപാട്ട് കേട്ടാൽ കളിയാക്കിക്കൊല്ലും. കല്യാണം കഴിഞ്ഞുവന്ന കാലത്ത്, നീയേത് കാട്ടുജാതിക്കാരുടെ ഭാഷയാ പറയുന്നത്, എനിക്കൊരക്ഷരം മനസ്സിലാകുന്നില്ലല്ലോ എന്ന് ജഗദീശൻ പരിതപിച്ചു. വളരെ പെട്ടെന്ന് അവൾ പുതിയ ഭാഷ ശീലിച്ചു. നാട്ടുവാക്കുകളൊന്നും നാവിലുദിക്കാതിരിക്കാൻ കരുതലെടുത്തു.

"സുമേ, നീയൊന്ന് പെട്ടെന്ന് വന്നേ"

വീടിന്റെ മുൻവശത്തുനിന്നും ജഗദീശൻ അലറിവിളിച്ചു. സുമംഗല ചാടിയെഴുന്നേറ്റ് നടന്നു.

സുമംഗല ഭയന്നുപോയി.

ജഗദീശൻ ഒരു വലിയ പാമ്പിനെ വാലിൽ തൂക്കിപ്പിടിച്ച് മലർക്കെ ചിരിച്ച് നിൽക്കുന്നു.

പാമ്പ് അന്തരീക്ഷത്തിൽ പുളയുന്നുണ്ട്.

"പേടിക്കേണ്ടെടീ, ചേരയാ..."


"നിങ്ങളെങ്ങനെ പിടിച്ചു പാമ്പിനെ?"

"ഓടിപ്പിടിക്കാൻ പറ്റ്വോ? കിണറിന്റെ നെറ്റിൽ കുടുങ്ങിയതാ."

നാലടി മുന്നിലേക്ക് ചെന്ന് അവൾ സൂക്ഷിച്ചുനോക്കി. പരിചയമുള്ള ചേരയാണ്. ചെടികൾക്കിടയിലൂടെ ഇഴഞ്ഞുപോകുന്നത് പലപ്പോഴും കണ്ടിട്ടുണ്ട്. തുണിയലക്കുമ്പോഴും ഊഞ്ഞാലിലിരിക്കുമ്പോഴും വന്ന് തലപൊക്കി കുറച്ച് നേരം തന്നെ നോക്കിനിൽക്കാറുണ്ട്. ഭർത്താവിനോടവൾ അക്കാര്യം പറഞ്ഞിരുന്നില്ല. പറഞ്ഞാൽ ഒളിച്ചിരുന്ന് അടിച്ച് കൊല്ലും.

സുമംഗല ദയാവായ്പോടെ അപേക്ഷിച്ചു.

"അതിനെ വിട്ടേക്ക്, ഉപദ്രവമില്ലാത്ത ജീവിയല്ലേ?"



ജഗദീശൻ പാമ്പിന്റെ വെപ്രാളം ആസ്വദിച്ചുകൊണ്ട് പൊട്ടിച്ചിരിച്ചു.

"ഹാ! വിട്ടുകളയാനോ? ഇന്ന് ഞാനിതിനെ ശരിപ്പെടുത്തും."

ബഹളം കേട്ട് സൂരജ് പുറത്തേക്ക് ഓടിവന്നു. സുറുമയെഴുതിയ കോളേജ് കുമാരന്റെ കണ്ണുകളിൽ അത്ഭുതവും സന്തോഷവും തിളങ്ങി.

"അച്ഛനെങ്ങനെ ഇതിനെ പിടിച്ചു?"

വിജിഗീഷുവിനെപ്പോലെ ജഗദീശൻ ചുണ്ട് വിടർത്തി.

"ഇത് ചേരയാടാ, മൂർഖനായാലും ഞാൻ പിടിക്കും."

സൂരജ് അച്ഛന്റെ കൈയിൽനിന്നും നിർഭയം ചേരയെ വാങ്ങിച്ച് തൂക്കിപ്പിടിച്ചു.

"അച്ഛാ, നല്ല കൊഴുത്ത ചേരയാണല്ലോ. അഞ്ചെട്ട് കിലോ വരും. യൂട്യൂബിലുണ്ട് ചേരയുടെ റെസിപ്പി, നമുക്കൊരു കൈ നോക്കിയാലോ? നല്ല ടേസ്റ്റായിരിക്കും."

ചേര ദയനീയമായി സുമംഗലയെ തലപൊന്തിച്ചു നോക്കി.

അവൾ പറഞ്ഞു:"മോനേ, അതിനെ വിട്ടേക്ക്, പാവം. എവിടേയെങ്കിലും പോയി ജീവിച്ചോട്ടെ."

സൂരജ് അമ്മയെ നോക്കി കണ്ണിറുക്കിച്ചിരിച്ചു. അഭ്യാസിയെപ്പൊലെ ചേരയെ തലയ്ക്കു മുകളിൽ ചുഴറ്റാൻ തുടങ്ങി. സുമംഗല കരയുന്ന ഒച്ചയിൽ കെഞ്ചി.

"ചെയ്യല്ലേ മോനേ, അത് ചത്തുപോകും," സൂരജ് ചിരിച്ചു.

"ഈ അമ്മക്ക് പ്രാന്താ, മിണ്ടാതിരിന്നോ."

ചുഴറ്റൽ നിർത്തി സൂരജ് പാമ്പിനെ തൂക്കിപ്പിടിച്ചു. ചത്തിട്ടില്ല. പതുക്കെ അനങ്ങുന്നുണ്ട്. ജഗദീശൻ പാമ്പിനെ വാങ്ങി നിലത്ത് ഇന്റർലോക്കിൽ കിടത്തി. അന്നേരം തല തിരിച്ച് ചേര സുമംഗലയെ നോക്കി. അവൾക്ക് സങ്കടം വന്നു.

"ചേര കർഷകന്റെ മിത്രമാണ്, കൊല്ലാൻ പാടില്ല എന്നൊക്കെ സ്കൂളിൽ പഠിച്ചതല്ലേ. പിന്നെന്തിനാ രണ്ടാളും കൂടി അതിനെ ഇങ്ങനെ ഉപദ്രവിക്കുന്നത്? ചേര എലിയെയും പെരുച്ചാഴിയെയും പിടിക്കില്ലേ?" ജഗദീശൻ പാമ്പിന്റെ വാലിലെ പിടിവിട്ടു.

"അതിന് എവിടേടീ എലിയും പെരുച്ചാഴിയും?"

സുമംഗല മിണ്ടിയില്ല. ഈ വീടും സ്ഥലവും വാങ്ങിച്ച് താമസം തുടങ്ങിയ നാളുകളിൽ വീടിനകത്ത് നിറയെ എലികളും പുറത്ത് പെരുച്ചാഴികളുമുണ്ടായിരുന്നു. മാത്രമല്ല, മതിലിനുള്ളിൽ കീരികളും ഉടുമ്പുകളും മരപ്പട്ടികളും മലയണ്ണാനുമൊക്കെ യഥേഷ്ടം ഉണ്ടായിരുന്നു. കപ്പയിലും ഏത്തക്കയിലും വിഷംവെച്ച് ഒരു മാസത്തിനുള്ളിൽ ജഗദീശൻ സകലതിന്റെയും കഥ കഴിച്ചു. എന്നും കാലത്തെഴുന്നേറ്റാൽ ചത്ത ജീവികളെ കൈക്കോട്ടെടുത്ത് കുഴിച്ചിടലായിരുന്നു പ്രഭാതകർമ്മം. പിന്നെപ്പിന്നെ ജീവികളെ ഒന്നിനെയും കാണാനില്ലാതായി.

ജഗദീശൻ വളിച്ച ചിരിയോടെ സൂരജിനോട് പറഞ്ഞു: "കണ്ടോടാ, എങ്ങോട്ട് തലവെച്ച് കിടത്തിയാലും ചേര നിന്റെ അമ്മയെത്തന്നെയാ നോക്കുന്നത്."

"അതേ അച്ഛാ, സത്യം. ചിലപ്പോൾ അമ്മേടെ ഫ്രണ്ടാവും."

സുമംഗല ദേഷ്യപ്പെട്ടു: "അതെ, ഫ്രണ്ടാണ്. അതിനെ വിട്ടേക്ക്, നിങ്ങക്ക് പാപം കിട്ടും. അതിന്റെ കുട്യോള് മാടില്[10] കാത്ത് നിക്കുന്നുണ്ടാകും."

അച്ഛനും മകനും അലറിച്ചിരിച്ചു.

"മാടിയോ? അതെന്ത് സാധനം? മാടി. ഹ! ഹ!"

സുമംഗല തലകുനിച്ചു. ഓർക്കാപ്പുറത്ത് പറഞ്ഞുപോയതാണ്. ജഗദീശൻ കൃത്രിമമായ ഗൗരവത്തോടെ ചോദിച്ചു:

"എടീ, സുമേ, ഇതിന് കുട്ടികളുണ്ടോ?"

---

10. മാളത്തിൽ.

സുമംഗല മിണ്ടിയില്ല. നാലഞ്ചു ദിവസം മുമ്പ് ഊഞ്ഞാലിലിരിക്കുമ്പോൾ രണ്ട് കുഞ്ഞുങ്ങളുമായി വന്ന് ചേര കുറച്ചുനേരം തലയുയർത്തി നിന്നത് അവൾക്ക് ഓർമ്മ വന്നു. തന്നെ കാണിക്കാൻ മക്കളെ കൂട്ടിവന്നതാണ് എന്ന തോന്നിയിരുന്നു. പക്ഷേ, ആ സംഭവം ആരോടും പറഞ്ഞില്ല. പറഞ്ഞാൽ പരിഹസിച്ച് ഒരുവിധമാക്കും. ജഗദീശൻ ചോദ്യം ആവർത്തിച്ചപ്പോൾ പല്ല് ഞെരിച്ച് ദേഷ്യപ്പെട്ടു.

"ഉണ്ടാവും. ഉണ്ടാവാതിരിക്ക്വോ? എല്ലാരിക്കും മക്കളില്ലേ? ചേരക്കെന്താ മക്കളുണ്ടായിക്കൂടേ?"

തേമ്പിവന്ന ചിരിയമർത്തിപ്പിടിച്ച് ജഗദീശൻ സുമംഗലയെ ഉറ്റുനോക്കി. ചേരയെ തൂക്കിയെടുത്ത് എഴുന്നേറ്റു. പറമ്പിലേക്ക് വിടാനെന്നാണ് സുമംഗല കരുതിയത്. പെട്ടെന്ന് കിണറ്റിന്റെ സിമന്റ് പടിയിൽ പാമ്പിനെ ആഞ്ഞടിച്ചു. അതിന്റെ തല തകർന്ന് ചിതറി. സുമംഗല തലയിൽ കൈവെച്ച് നിലവിളിച്ചു.

"അയ്യോ."

ആ കാഴ്ച വീണ്ടും കാണാനാവാതെ അവൾ വീടിനു പിന്നിലേക്ക് ഓടി. ആ പരക്കംപാച്ചിൽ കണ്ട് അച്ഛനും മകനും ചിരിയടക്കാനായില്ല.

ഊഞ്ഞാലിലിരുന്ന് സുമംഗല കിതച്ചു. കുറച്ച് നേരമെടുത്തു സമനില കിട്ടാൻ. അവൾ പതുക്കെ മൂളാൻ തുടങ്ങി. വിവാഹത്തിനു ശേഷം സ്വയം കണ്ടുപിടിച്ച സൂത്രമാണ്. ടെൻഷനുണ്ടാവുമ്പോൾ ഏതെങ്കിലും പാട്ട് മൂളിയാൽമതി. കണ്ണടച്ച്, എല്ലാം മറന്ന് അവൾ പതുക്കെ പാടിത്തുടങ്ങി:

"ബയിലോട്ട് പോലാ,ണേ
ബൗതീറ്റ് ബീണ്വോകം..."

പാട്ടിനുള്ളിൽനിന്നും പതുക്കെ അമ്മമ്മ പുറത്തേക്ക് വന്നു. കുട്ടിക്കാലത്ത് അമ്മമ്മയുടെ പിന്നാലെ നടന്നതിന്റെ ഓർമ്മകൾ, പുഴയിൽ അമ്മമ്മക്കൊപ്പം നീന്തിത്തുടിച്ചതിന്റെ ഓർമ്മകൾ, പാമ്പിൻകാവിൽ സന്ധ്യക്ക് വിളക്ക് വെച്ചതിന്റെ ഓർമ്മകൾ സുമംഗലയുടെ ഉള്ളിൽ നിറഞ്ഞു. അന്ന് തറവാട്ടിൽ നിറയെ പൂച്ചകളും നായ്ക്കളും കോഴികളും പശുക്കളും ഉണ്ടായിരുന്നു. നകംവെക്കുന്ന നാല് വലിയ പോത്തുകൾ കരക്ക[11] യിലുണ്ടായിരുന്നു. എല്ലാവരേയും അമ്മമ്മ പേർ ചൊല്ലിവിളിച്ചിരുന്നു. കൂട്ടത്തിലാരെങ്കിലും ചത്തുപോയാൽ പടിഞ്ഞാറ്റയിലിരുന്ന് അമ്മമ്മ പൊട്ടിക്കരയും. അന്നേ ദിവസം ആഹാരമെടുക്കാതെ പട്ടിണികിടക്കും.

---

11. തൊഴുത്ത്.

കോളേജിൽ പോക്കുതുടങ്ങിയ കാലത്താണ് സുമംഗല ഒരു സംഭവം കണ്ടുപിടിച്ചത്. രാത്രി എല്ലാവരും കിടന്നു കഴിഞ്ഞാൽ ഒരു കോരിക നിറയെ ചോറുമായി അമ്മമ്മ അടുക്കളയുടെ പിന്നിലേക്കിറങ്ങും. അവിടെ വാഴക്കൂട്ടത്തിൽ ഒരാൾ വന്ന് അമ്മമ്മയെ കാത്തു നിൽപ്പുണ്ടാകും. ഒരു കുറുക്കൻ. മങ്ങണത്തിൽ വിളമ്പിക്കഴിഞ്ഞാൽ വേറെ ആരും ഇല്ലെന്ന് ഉറപ്പുവരുത്തിയ ശേഷം കുറുക്കൻ വന്ന് ചോറ് തിന്നും. അതിനോട് എന്തെങ്കിലും മിണ്ടിയും പറഞ്ഞും അമ്മമ്മ തിണ്ണമേൽ ഇരിക്കും.

ഒരു ദിവസം സുമംഗല പുഴയിൽ കഴുത്തോളം മുങ്ങി നിന്ന് പറഞ്ഞു.

"ഞാൻ കണ്ടു, അമ്മമ്മ കുറുക്കന് ചോറ് കൊടുക്കുന്നത്. അതെന്താ എന്നോട് പറയാതിരുന്നത്?"

"അത് നീ കണ്ടോ?"


അവൾ തലകുലുക്കി.

അമ്മമ്മ പുഞ്ചിരിച്ചു.

"ആള്വോൾക്ക് മനസ്സിലാവാത്ത കാര്യങ്ങളുണ്ടാകും. അതൊക്കെ പറയാണ്ടിരിക്ക്ന്നതാ നല്ലത് മോളേ."

വിവാഹം കഴിഞ്ഞ് ഒരു വർഷമായപ്പോഴാണ് ജഗദീശൻ ഈ വീടും സ്ഥലവും വാങ്ങിച്ചത്. ഇത്തിരി പഴക്കമുള്ളതെങ്കിലും അടച്ചുറപ്പുള്ള കോൺക്രീറ്റ് കെട്ടിടം. പെയിന്റടിച്ചപ്പോൾ പുത്തനായി. കാസ്റ്റ്അയേണിന്റെ പുതിയ ഗേറ്റ് വെച്ചതോടെ വീടിന്റെ കാഴ്ചതന്നെ മാറി. വീടിന് ചുറ്റുമുണ്ടായിരുന്ന കാട്ടുചെടികളെയും ജന്തുക്കളെയുമൊക്കെ ഇല്ലാതാക്കിയ ശേഷം ജഗദീശൻ വീടിന്റെ ജനലുകളിലും പുറത്തേക്കുള്ള വാതിലുകളിലും രാപ്പകലില്ലാതെ യഥേഷ്ടം കയറിവന്നിരുന്ന തത്തമ്മുള്ളകളും ചീവീടുകളും കൊതുകുകളും ശലഭങ്ങളും മറ്റ് പ്രാണികളുമെല്ലാം പുറത്തായി. വീടിനകത്ത് പല്ലികളും വളരാതായി. ഒരു ദിവസം നിലത്ത് മലർന്നുകിടന്ന, മെലിഞ്ഞുണങ്ങിയ പല്ലിയെ തൂക്കിപ്പിടിച്ച് അടുക്കളയിലേക്ക് കയറിവന്ന് ജഗദീശൻ പൊട്ടിച്ചിരിച്ചു.

"കണ്ടോടീ, പട്ടിണി കിടന്ന് ചത്തതാ."



പക്ഷേ, ഉറുമ്പുകളും ചിതലുകളും കീഴടങ്ങിയില്ല. അവ ഇടയ്ക്കിടെ ഓരോ മൂലകളിൽ തലപൊക്കിക്കൊണ്ടിരുന്നു. മണ്ണെണ്ണ സ്പ്രേ ചെയ്യുന്നതിനിടയിൽ ഒരു ദിവസം അയാൾ പറഞ്ഞു:

"സുമേ, ഇതിനൊരു ശാശ്വത പരിഹാരം ഉണ്ട്. ചുവരുകളിൽ മരുന്ന് ഇഞ്ചെക്ട് ചെയ്യുന്ന പരിപാടി നോക്കിയാലോ?"

സുമംഗല ചിരി ഭാവിച്ചു.

"മരുന്നല്ല. വിഷം എന്നു പറയൂ. അതൊന്നും നമുക്ക് വേണ്ട. ജീവികളെ ബാധിക്കുന്ന വിഷം നമ്മളേയും ബാധിക്കില്ലേ?"

"നീയിങ്ങനെ മണ്ടത്തരം എഴുന്നള്ളിക്കാതെടീ. ഇതൊക്കെ എല്ലാ വീട്ടിലും ചെയ്യുന്നുണ്ട്."

"എന്നാലും നമുക്ക് വേണ്ട."

ഒരാഴ്ച കഴിഞ്ഞപ്പോൾ സിറ്റിയിൽനിന്നും മരുന്ന് കമ്പനിക്കാർ വന്ന് തറയോട് ചേരുന്ന ഭാഗത്തുള്ള ചുവരിൽ ഓരോ അടി ദൂരത്തിലും തുളകളുണ്ടാക്കി വിഷം പമ്പ് ചെയ്ത് കയറ്റി. രണ്ട് ദിവസം വീട് പൂട്ടി മാറിത്താമസിക്കേണ്ടിവന്നു. മൂന്നാം ദിവസം തുറക്കുമ്പോഴും മുറികളിൽ രൂക്ഷഗന്ധം ഉണ്ടായിരുന്നു. പക്ഷേ, പിന്നീടൊരിക്കലും ഉറുമ്പോ ചിതലോ വീട്ടിലേക്ക് എത്തിനോക്കിയിട്ടില്ല.

ജഗദീശൻ മണ്ണിൽ കുഴിയെടുത്ത് ചേരയെ മൂടി. അന്ന് രാത്രി ഭർത്താവും മകനും ഭക്ഷണം കഴിക്കുമ്പോൾ സുമംഗല അടുക്കളയിൽതന്നെ ഇരുന്നു.

"നീയെന്താടീ കഴിക്കാൻ വരാത്തേ?"

"വയറ് വേദന, ഞാൻ പിന്നെ കഴിച്ചോളാം."

ദിവസങ്ങൾ കഴിഞ്ഞുപോയി. എന്നും ഊഞ്ഞാലിലിരിക്കുമ്പോൾ സുമംഗല വെറുതെ ചെടികൾക്കിടയിലൂടെ കണ്ണോടിക്കും. ചേരക്കുഞ്ഞുങ്ങളെ കാണുന്നുണ്ടോ?



സൂരജ് ക്ലാസ്മേറ്റ്സിനൊപ്പം ചെന്നൈയിൽ ടൂർ പോയി വന്നതിനു പിന്നാലെ ആരോഗ്യപ്രവർത്തകർ വീട്ടിലെത്തി ക്വാറന്റീനിൽ കഴിയണമെന്ന് ആവശ്യപ്പെട്ടു. കേരളത്തിൽ ആദ്യത്തെ കോവിഡ് കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ മൂന്നാം ദിവസമായിരുന്നു. പതിനാല് ദിവസത്തെ ഏകാന്തവാസം പതിനാല് കൊല്ലത്തെ വനവാസംപോലെ സൂരജിന് നീണ്ട കാലമായിരുന്നു.

ജഗദീശൻ വീടിന്റെ വാതിൽക്കൽ ഒരു ബക്കറ്റ് വെള്ളവും സാനിറ്റൈസറും വെച്ചു. മാസ്കും കൈയുറകളും ധരിച്ചു മാത്രം പുറത്തിറങ്ങി. രാത്രി കിടക്കാൻ നേരം അയാൾ ഒന്ന് തുമ്മി. തുമ്മൽ ആവർത്തിച്ചപ്പോൾ സുമംഗല ഭയപ്പെട്ടു.

"ദേ, രാവിലെ പോയി ടെസ്റ്റ് ചെയ്യണം, എനിക്ക് പേടിയാകുന്നു."

ജഗദീശൻ ആശങ്കകളില്ലാതെ പറഞ്ഞു: "ഇത് കോവിഡൊന്നുമല്ല. ഇന്നലെ മഴ നനഞ്ഞതിന്റെയാ. നിനക്കറിയില്ലേ, മഴ നനഞ്ഞാൽ എനിക്ക് തുമ്മലും ജലദോഷവും വരുമെന്ന്?"

"എന്നാലും ശ്രദ്ധിക്കണം. ടെസ്റ്റ് ചെയ്യുന്നതാ ബുദ്ധി."

"രണ്ടു ദിവസംകൂടി നോക്കാം."

മൂന്നാം ദിവസമായപ്പോഴേക്കും തുമ്മൽ നിന്നു. പക്ഷേ, അന്ന് വൈകുന്നേരമായപ്പോൾ പനി തുടങ്ങി. പനി കടുത്തപ്പോൾ താൻ വൈറസിന്റെ പിടിയിൽ പെട്ടുവെന്ന് ജഗദീശൻ ഉറപ്പിച്ചു. രാവിലെ ഹോസ്പിറ്റലിൽ ചെന്ന് കീഴടങ്ങാം.

കാലത്ത് എഴുന്നേറ്റപ്പോൾ പനി മാറിയിരുന്നു. ബ്രേക്ഫാസ്റ്റിന് മുന്നിലിരുന്ന് ഉന്മേഷത്തോടെ അയാൾ പറഞ്ഞു:

"തൽക്കാലം കോവിഡ് കീഴടങ്ങി."

സുമംഗല ചോദിച്ചു: "ജനലിന് നെറ്റടിക്കുന്നതുപോലെ വൈറസ് കയറാതിരിക്കാൻ എന്തെങ്കിലും നമുക്ക് ചെയ്താലോ?"

അതിൽ തനിക്കു നേരെ ഒളിപ്പിച്ചുവെച്ച പരിഹാസമുള്ളുണ്ടെന്ന് ജഗദീശന് തോന്നി. അയാളുടെ കീഴ്ച്ചുണ്ടിൽ ചിരി വിറച്ചു.

"നമുക്ക് നോക്കാം. എന്തിനാ പരിഹാരമില്ലാത്തത്."

ഒരാഴ്ച കഴിഞ്ഞപ്പോൾ 'ഡബിൾ ബെൽ' വഴി ഒരു വലിയ കാർഡ്ബോഡ് പെട്ടി വീട്ടിലെത്തി. ജഗദീശൻ പറഞ്ഞു:

"നീ കണ്ടോടി ഇനി ഒരു വൈറസും നമ്മുടെ വീട്ടിൽ കയറില്ല."

അവൾ അത്ഭുതപ്പെട്ടു.

"എന്താ പെട്ടിക്കുള്ളിൽ?"

"ഒരു റോബോട്ട്. കോവിഡ് വൈറസിനെ തുരത്തുന്ന യന്ത്രം."

വൈകുന്നേരം അച്ഛനും മകനും കൂടി പെട്ടി പൊളിച്ചു. മനുഷ്യരൂപമായിരിക്കുമെന്നാണ് സുമംഗല കരുതിയത്. മൂന്ന് തട്ടുള്ള, നാലുചക്രങ്ങളുള്ള ടീപ്പോയി പോലത്തെ ഒരു സംഭവം. ജഗദീശൻ വിവരിച്ചു: "റിമോട്ടിൽ വിരൽ അമർത്തിയാൽ ഇത് ഏത് ദിശയിലേക്കും സഞ്ചരിക്കും. അപ്പോൾ നീലവെളിച്ചം മുറികളിലെല്ലാം പരക്കും. വൈറസുകളും ബാക്ടീരിയകളും ഫംഗസുകളുമെല്ലാം നശിക്കുന്ന അൾട്രാവയലറ്റ് രശ്മികളാണ്. റൂട്ട് ഫീഡ് ചെയ്താൽ ദിവസവും രണ്ട് നേരം റോബോട്ട് ശുദ്ധികലശം ചെയ്തോളും. നമ്മൾ പിന്നാലെ നടന്ന് ബുദ്ധിമുട്ടണ്ട. രണ്ട് ദിവസത്തിലൊരിക്കൽ ചാർജ് ചെയ്താൽ മതി."

സൂരജ് റിമോട്ടിൽ തൊട്ടപ്പോൾ റോബോട്ട് ഡ്രോയിങ് റൂമിൽനിന്ന് നീല വെളിച്ചത്തോടെ പൂജാമുറിയിലേക്ക് കയറി. ഒട്ട് വട്ടംകറങ്ങി ഡൈനിങ്ങിലേക്ക് നീങ്ങുമ്പോൾ ഉത്കണ്ഠയോടെ സുമംഗല ചോദിച്ചു:

"മനുഷ്യന് ആവശ്യമുള്ള സൂക്ഷ്മജീവികളും ചത്തുപോകില്ലേ?"

ജഗദീശൻ സുമംഗലയെ രൂക്ഷമായി നോക്കി.

"മിണ്ടാതിരിക്ക്. ശല്യം."

അടുക്കളയിലൂടെ കറങ്ങിവന്ന് കിടപ്പുമുറിയിലെത്തിയപ്പോൾ അവൾ വീണ്ടും ചോദിച്ചു:

"സൂരജേ, നമ്മുടെ ശരീരത്തിലും ഉപകാരികളായ കോടിക്കണക്കിന് ബാക്ടീരിയകളും വൈറസുകളുമൊക്കെയില്ലേ. ഈ നീലവെളിച്ചത്തിൽ അതൊക്കെ ഇല്ലാതാകില്ലേ?"

സൂരജ് പടക്കം പൊട്ടുന്നതുപോലെ ശബ്ദിച്ചു:

"അമ്മ അടുക്കളയിൽപ്പോ. ഇനി ഒരക്ഷരം മിണ്ടരുത്."

സുമംഗല പതുക്കെ അടുക്കളയിലേക്ക് നടന്നു. സിങ്കിൽ ഒരു കൂമ്പാരം എച്ചിൽപാത്രങ്ങളുണ്ട്. എച്ചിൽപാത്രങ്ങൾ കഴുകുന്ന ഒരു യന്ത്രമനുഷ്യനെ കിട്ടിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു. മടുപ്പോടെ അവൾ എച്ചിൽപാത്രങ്ങളുടെ നേർക്ക് കൈനീട്ടി.

റോബോട്ടിനെ എവിടെ താമസിപ്പിക്കും? അച്ഛനും മകനും ആലോചിച്ചു. തട്ടാനും മുട്ടാനും പാടില്ല. ഏറ്റവും സുരക്ഷിതം പൂജാമുറി തന്നെ. ജഗദീശന്റെ അഭിപ്രായത്തിന് സൂരജ് തലകുലുക്കി.

ലോക്ഡൗണിൽ ഇളവുകൾ പ്രഖ്യാപിച്ചു തുടങ്ങിയതോടെ ജനജീവിതം സാധാരണനിലയിലേക്ക് തിരിച്ചുവന്നു. കടകൾ തുറന്നു. റോഡിൽ വാഹനങ്ങൾ നിറഞ്ഞു. വിദേശത്തുനിന്നുള്ള ആദ്യവിമാനം നെടുമ്പാശ്ശേരിയിൽ ഇറങ്ങിയ ദിവസം ഉച്ചയായപ്പോൾ ജഗദീശൻ വയർ പൊത്തിപ്പിടിച്ച് വീട്ടിലേക്ക് കയറിവന്നു. സുമംഗല വാതിൽ തുറക്കുമ്പോൾ വേദനകൊണ്ട് പുളയുകയാണ് അയാൾ.

"അയ്യോ, എന്തുപറ്റി?"

സുമംഗല കൈപിടിച്ച് സോഫാസെറ്റിയിലിരുത്തിയ ശേഷം സൂരജിനെ മൊബൈലിൽ വിളിച്ചു. പത്ത് മിനിറ്റിനുള്ളിൽ സുമംഗലയും സൂരജും താങ്ങിപ്പിടിച്ച് കാറിനുള്ളിലിരുത്തി. സിറ്റി സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റലിലേക്ക് നാൽപത്തിയഞ്ച് മിനിറ്റ് ദൂരമുണ്ട്.

കാഷ്വാലിറ്റിയിലെ ഡോക്ടർ പരിശോധന കഴിഞ്ഞ് പുറത്തേക്കിറങ്ങിവന്നു.

"അപന്റിസൈറ്റിസ് ആണ്. ഉടനെ ഒരു സർജറി വേണം."

ഭയം നിറഞ്ഞ കണ്ണുകളോടെ സുമംഗല ആരാഞ്ഞു:

"പേടിക്കാനുണ്ടോ ഡോക്ടർ?"

"ഓ, പ്രശ്നമൊന്നുമില്ല. ചെറുകുടലും വൻകുടലും ചേരുന്ന ഭാഗത്ത് ഒരു ചെറുവിരൽപോലെ കിടക്കുന്ന സാധനമാണ്. പഴുത്താൽ മുറിച്ചുകളയലല്ലാതെ വേറെ മാർഗമില്ല. മനുഷ്യന് ഉപകാരമില്ലാത്ത ഒരു വസ്തുവാണത്."

സർജറി കഴിഞ്ഞ് അഞ്ചാം ദിവസം ഡിസ്ചാർജ് ചെയ്ത് വീട്ടിലെത്തുമ്പോൾ നേരം പാതിരാത്രി കഴിഞ്ഞിരുന്നു. വീണ്ടും ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ വഴികളെല്ലാം ബ്ലോക്കായിരുന്നു. ഏതൊക്കെയോ ഊടുവഴികളിലൂടെ ചുറ്റിച്ചുറ്റിയാണ് വീട് കണ്ടുപിടിച്ചത്.


സൂരജ് ബാഗ് തുറന്ന് വീടിന്റെ താക്കോൽ തപ്പുന്ന നേരത്ത് ജഗദീശൻ ജനൽ ചില്ലിലൂടെ വെറുതെ ഡ്രോയിങ് റൂമിലേക്ക് നോക്കി. അയാൾ ഞെട്ടിത്തരിച്ചു.

സോഫാസെറ്റുകൾക്ക് നടുവിൽ ഒരു മനുഷ്യൻ ചമ്രം പടിഞ്ഞിരിക്കുന്നു!

സൂരജും സുമംഗലയും എത്തിനോക്കി. അതേ, ആരോ ധ്യാനിച്ചിരിക്കുന്നതുപോലെ. സൂരജ് മൊബൈൽ ടോർച്ച് വെളിച്ചത്തിൽ നോക്കിയിട്ട് പറഞ്ഞു:

"അച്ഛാ, അത് മനുഷ്യനൊന്നുമല്ല, വേറെ എന്തോ ആണ്."

വാതിൽ തുറന്ന് ലൈറ്റിട്ടപ്പോൾ അവർക്ക് സ്വന്തം കണ്ണുകളെ വിശ്വസിക്കാനായില്ല.



വലിയൊരു മൺപുറ്റ്.

ഭൂമിക്കടിയിൽനിന്ന് പൊങ്ങിവന്നിരിക്കുകയാണ്. രണ്ടിഞ്ച് കനത്തിലുള്ള ഗ്രാനൈറ്റ് തറയുടെ ഏതോ പഴുതിലൂടെ ചിതലുകൾ കയറിവന്ന് കൊട്ടാരം കെട്ടിയിരിക്കുകയാണ്.

ജഗദീശന് ശരീരം കോച്ചിവിറച്ചു. സെറ്റിയിൽ അയാൾ തളർന്നിരുന്നു. നാവ് തൊണ്ടയിലേക്ക് ഇറങ്ങിപ്പോകുന്നതുപോലെ തോന്നിയപ്പോൾ വെള്ളം വേണമെന്ന് ആംഗ്യം കാട്ടി. സുമംഗല മിനറൽ വാട്ടറിന്റെ കുപ്പി ബാഗിൽനിന്നെടുത്ത് നീട്ടി.

സൂരജ് കൈക്കോട്ടും കുട്ടയുമെടുക്കാൻ പമ്പ് ഹൗസിലേക്ക് പോയ നേരത്ത് അവൾ എഴുന്നേറ്റ് പുറ്റിനരികിലേക്ക് ചെന്ന് സൂക്ഷിച്ചുനോക്കി. പുറ്റിന്റെ മുഖത്ത് രണ്ട് കണ്ണുകളുടെ തിളക്കമുണ്ടെന്ന് അവൾക്ക് തോന്നി. ഇടക്കിടെ തുറന്നടയ്ക്കുന്ന കണ്ണുകൾ. ഓ, തനിക്ക് തോന്നുന്നതായിരിക്കുമെന്ന് വിചാരിച്ച് സുമംഗല വെട്ടിത്തിരിഞ്ഞു. ഈ തോന്നലെങ്ങാനും പറഞ്ഞുപോയാൽ അച്ഛനും മകനും കൂടി തന്നെ പരിഹസിക്കും. അവൾ ചിന്താവിഷ്ടയായി. ഒന്നും മിണ്ടാതെ കിടപ്പുമുറിയിലേക്ക് നടന്നു. ഭയങ്കരമായ ക്ഷീണവും തളർച്ചയും തോന്നി. പൂജാമുറിയിൽ റോബോട്ട് അനക്കമറ്റ് നിൽപ്പുണ്ട്. കിടപ്പുമുറിയുടെ വാതിലും തുറന്നുകിടന്നിരുന്നു. ലൈറ്റും ഫാനുമൊന്നും ഇടാൻ മെനക്കെടാതെ, ചിറകറ്റ പക്ഷിയെപ്പോലെ അവൾ കിടക്കയിലേക്ക് വീണു. കണ്ണടച്ച് കിടന്നപ്പോൾ ഉള്ളിന്റെ ഉള്ളിൽനിന്ന് ഒരു മൂളൽ ചിറകുകൾ വീശിക്കൊണ്ട് ഈണത്തിൽ പൊങ്ങി വരുന്നത് അവൾ അനുഭവിച്ചു.

"ബയ്‌ലോട്ട് പോലാ,ണേ
ബൗതീറ്റ് ബീണ്വോകം..."

□

## ഡോ. അംബികാസുതൻ മാങ്ങാട്



കാസർകോട് ജില്ലയിലെ ബാര ഗ്രാമത്തിൽ ജനനം. ജന്തുശാസ്ത്രത്തിൽ ബിരുദം. മലയാളത്തിൽ എം. എ, എം. ഫിൽ. ബിരുദങ്ങൾ റാങ്കുകളോടെ നേടി. കഥയിലെ കാലസങ്കൽപ്പം എന്ന വിഷയത്തിൽ ഡോക്ടറേറ്റ്. 1987 മുതൽ കാഞ്ഞങ്ങാട് നെഹ്റു കോളേജിലെ അധ്യാപകൻ. 2019-ൽ വിരമിച്ചു.

കാരൂർ, ഇടശ്ശേരി, ചെറുകാട്, അബുദാബി ശക്തി, കോവിലൻ, മലയാറ്റൂർ പ്രൈസ്, കേളി, അയനം തുടങ്ങി 27 അവാർഡുകൾ നേടി. 'കയ്യൊപ്പ് ' എന്ന സിനിമയ്ക്ക് തിരക്കഥ എഴുതി. 'പൊലിയന്ദ്രം' എന്ന ഡോക്യുമെന്ററി സംവിധാനം ചെയ്തു. 'കൊമേർഷ്യൽ ബ്രെയ്ക്കി'ന് മികച്ച ചെറുകഥയ്ക്കുള്ള കേരള സർക്കാരിന്റെ ടെലിവിഷൻ അവാർഡ് 2002-ൽ ലഭിച്ചു. കേരളത്തിലെ മികച്ച കോളേജ് അധ്യാപകനുള്ള അവാർഡ് രണ്ടു തവണ ലഭിച്ചു. നെഹ്റു കോളേജിൽ സാഹിത്യവേദി തുടങ്ങി. 33 വർഷം സാഹിത്യവേദിയുടെ പ്രസിഡന്റായിരുന്നു. എൻഡോസൾഫാൻ ഭവനപദ്ധതിക്ക് നേതൃത്വം നൽകി. രണ്ടു ദശകക്കാലമായി എൻഡോസൾഫാൻ വിരുദ്ധ സമര നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. 'സാധാരണ വേഷങ്ങൾ' ആദ്യ പുസ്തകം. 23 ചെറുകഥാ സമാഹാരങ്ങളും രണ്ടു നോവലുകളും, നാല് നിരൂപണഗ്രന്ഥങ്ങളും എഴുതി. മലയാളത്തിലെ പരിസ്ഥിതി കഥകൾ, മലയാളത്തിലെ തെയ്യം കഥകൾ, ആദ്യ നാട്ടു ഭാഷാനിഘണ്ടുവായ 'പൊഞ്ഞാ', ആദ്യ കാമ്പസ് നോവൽ 'ജീവിതത്തിന്റെ ഉപമ', വയനാട്ടു കുലവൻ തുടങ്ങി ഇരുപതോളം ശ്രദ്ധേയമായ പുസ്തകങ്ങളുടെ എഡിറ്റർ. കഥകൾ ഇംഗ്ലീഷിലും ഇന്ത്യൻ ഭാഷകളിലും വിവർത്തനം ചെയ്തിട്ടുണ്ട്. 'എൻമകജെ' നോവൽ ഇംഗ്ലീഷ് ഉൾപ്പെടെ നാല് ഭാഷകളിൽ വിവർത്തനം ചെയ്തു. 'മരക്കാപ്പിലെ തെയ്യങ്ങൾ' ആദ്യ നോവൽ. സ്കൂളുകളിലും വിവിധ യൂണിവേഴ്സിറ്റികളിലും കഥകളും, നോവലുകളും പാഠപുസ്തകങ്ങളാണ്. 'ആഖ്യാനവും ചില സ്ത്രീകളും' എന്ന പുസ്തകം ആത്മകഥാ കുറിപ്പുകളാണ്. 'എൻഡോസൾഫാൻ—നിലവിളികൾ അവസാനിക്കുന്നില്ല' 50-ാമത്തെ പുസ്തകമാണ്.

ഭാര്യ: രഞ്ജിനി പി
മക്കൾ: മാളവിക, ശിവൻ.

ചിത്രീകരണം: വി. പി. സുനിൽകുമാർ

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014